## അദ്ധ്യായം ഏഴ്

# വ്യക്തിസ്ഥലത്തുനിന്ന് രാഷ്ട്രീയസ്ഥലത്തിലേക്ക്

## (അധികാരം, മനഃസാക്ഷി)

7.1. വ്യക്തികളിൽ നിന്ന് രാഷ്ട്രീയസ്ഥലത്തിലേക്ക്

ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തിലെ ശ്രദ്ധേയമായ സംഭവങ്ങളിലൊന്നായിരുന്നു രാജീവ് ഗാന്ധിയുടെ വധം. നെഹ്റുവിയൻ പാരമ്പര്യത്തിന്റെ അതിശക്തമായ പിൻതുടർച്ച നഷ്ടപ്പെട്ട കോൺഗ്രസ്, നെഹ്റു കുടുംബത്തിന് പുറത്തേക്ക് അധികാരം വിഭജിക്കാൻ നിർബന്ധിതരായതും ഈ സംഭവത്തോടെയാണ്. ഏതൊരു ജനാധിപത്യ രാജ്യത്തിലും ഉണ്ടായേക്കാവുന്ന ഒരു പിൻതുടർച്ചയായിരുന്നില്ല ഇന്ദിരാഗാന്ധിയുടെ വധത്തിന് ശേഷം രാജീവ് ഗാന്ധിക്ക് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരിക്കാൻ കിട്ടിയ അവസരം. മറിച്ച് ഭൂപ്രഭുക്കന്മാർക്കും രാജാക്കന്മാർക്കും മാത്രമുണ്ടായിരുന്ന ഒരു ശീല ത്തിന്റെ തുടർച്ചയിലാണ് അനന്തരാവകാശികളായി പ്രധാനമന്ത്രിമാർ വാഴിക്കപ്പെടുന്ന ചരിത്രം ഉണ്ടാവുന്നത്. 1984ൽ ഇന്ദിരാഗാന്ധിയുടെ വധം മക്കൾവാഴ്ചയിലേക്ക് നീങ്ങി യതിന് പിന്നിലെ രാഷ്ട്രീയമായ നീക്കുപോക്കുകൾ എന്തുതന്നെയായാലും കോൺഗ്രസ് ചരിത്രത്തിൽ സ്ഥാനമാനങ്ങൾ മക്കൾക്ക് വീതിച്ച് കൊടുക്കുന്നതിന്റെ ഒരു മുൻചിത്ര മായിരുന്നു അത്. ഇന്ത്യയുടെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രിയായി രാജീവ് സ്ഥാനമേറ്റെടുക്കുന്നതോടെ പരമ്പരാഗതമായി രാജ്യം ഭരിക്കേണ്ട ഗാന്ധി കുടുംബ ത്തിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് രാഷ്ട്രീയ സ്ഥലമായ ദൽഹിക്ക് ചില ബോധ്യ ങ്ങളുണ്ടാവുന്നുണ്ട്.

രാജീവ് ഗാന്ധിയുടെ ഭരണകാലത്തെക്കുറിച്ചുള്ള രാഷ്ട്രീയ ആക്ഷേപഹാസ്യ മായാണ് വി.കെ.എന്നിന്റെ 'അധികാരം' (1991) അടയാളപ്പെടുന്നത്. രാജീവ് വധത്തെ തുടർന്ന് ഇന്ത്യയുടെ ജനാധിപത്യത്തിന് സംഭവിച്ചേക്കാവുന്ന അരക്ഷിതാവസ്ഥകളെ ക്കുറിച്ച് ചർച്ച ചെയ്യുകയാണ് ഉണ്ണികൃഷ്ണൻ തിരുവാഴിയോടിന്റെ 'മനഃസാക്ഷി' (2001). ഈ രണ്ടു നോവലുകളിലും വിഷയം രാജീവ് ഗാന്ധിയുടെ ഭരണരീതികൾ തന്നെയാണ്. രണ്ടു നോവലുകളും വളരെ വ്യത്യസ്തമായ ആഖ്യാനരീതികളും ഉള്ളടക്കവും സ്വീകരിക്കുന്നു. ഏതു തരത്തിലായാലും വിഷയം രാജീവ്ഗാന്ധി തന്നെ യാണ്. ദൽഹിയിൽ പത്രപ്രവർത്തകനായിരുന്ന വി.കെ.എന്നിന്റെ നോവൽ

അതുൾക്കൊള്ളിക്കാനുദ്ദേശിക്കുന്ന ആക്ഷേപഹാസ്യസമ്പ്രദായങ്ങൾക്കകത്തുവച്ച് ദൽഹിയുടെ രാഷ്ട്രീയസ്ഥലത്തെ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കുന്നുണ്ട്.

'അധികാരം' എന്ന നോവൽ ആരംഭിക്കുന്നത് തന്നെ 'പയ്യൻ രാജാവി'ന്റെ കിരീടം ചാർത്തോടെയാണ്. അതിപ്രകാരമാണ്, "വലിയ കൊട്ടാരത്തിൽ വച്ചാണ് പുതിയ രാജാവിന്റെ കിരീടം ചാർത്ത്. ഉച്ചയൂണിന് പാകത്തിൽ കാലത്ത് പത്തുമണിക്ക്" (2003(b):9). ഇവിടെ വി.കെ.എൻ. രാജീവിനെ സംബോധന ചെയ്യുന്നത് തന്നെ പയ്യൻ രാജാവെന്നാണ്. അതുമാത്രമല്ല, ഇവിടെ നടക്കുന്നത് കിരീടം ചാർത്താണ്. ആദ്യ സൂചന യിൽ തന്നെ ഇന്ത്യൻ രാഷ്ട്രീയത്തിലെ ജനാധിപത്യസ്വഭാവം തകർന്നുവീഴുന്നു. രാജീവിന്റെ സ്ഥാനാരോഹണത്തെയാണ് വി.കെ.എൻ. സൂചിപ്പിക്കുന്നത്. മാത്രമല്ല ഒരു ജനാധിപത്യരാജ്യത്തിലെ ജനപ്രതിനിധിയുടെ തെരഞ്ഞെടുക്കലിനെ നൂറ്റാണ്ടുകൾ ക്കപ്പുറമുള്ള രാഷ്ട്രീയ സ്വഭാവത്തിലേക്ക് പരിവർത്തിപ്പിക്കുന്നതോടെ ദേശരാഷ്ട്രത്തിന്റെ പുറം കുപ്പായങ്ങൾ അഴിഞ്ഞുവീഴുന്നു. ഇവിടെ രാജാവിനോടൊപ്പം സർക്കാരാ പ്പീസുകളും സ്വകാര്യവ്യവസായ സ്ഥാപനങ്ങളും കടന്നുവരുന്നതോടെ ദൽഹിയുടെ രാഷ്ട്രീയസ്ഥലത്തേക്കുള്ള പ്രവേശനമായി. ഡെമോക്രസിയിലെ പലതരം രസങ്ങളിലൂടെ യാണ് വി.കെ.എൻ. 'അധികാരം' എന്ന നോവൽ അവതരിപ്പിക്കുന്നത്.

ഇന്റലിജൻസ് ചീഫ് രാമൻ നമ്പൂതിരി എന്ന കഥാപാത്രത്തിന്റെ നോട്ടപ്പാടുകളിലൂടെ യാണ് 'അധികാരം' രാഷ്ട്രീയസ്ഥലമായി ഇന്ത്യയുടെ തലസ്ഥാനനഗരിയെ അവതരിപ്പിക്കുന്നത്. ജനാധിപത്യം ഏകാധിപത്യമോ രാജവാഴ്ചയോ ആയി മാറുന്ന മുഹൂർത്തങ്ങൾ ദൽഹിയുടെ രാഷ്ട്രീയസ്ഥലത്തിന് പരിചിതമാണ്. എന്നാൽ മലയാളി ഭാവുകത്വത്തിലേക്ക് ഒരു പറിച്ചുനടീൽ പോലും വി.കെ.എൻ. സാധ്യമാക്കുന്നു. സത്യ പ്രതിജ്ഞാചടങ്ങ് വിവരിക്കുന്നതിൽ തെളിയുന്ന ഭാവനാമൂലധനങ്ങൾ മലയാളിക്ക് സുപരിചിതമാകുന്നത് സാംസ്കാരികമായി സ്വീകരിക്കുന്ന ചില പ്രച്ഛന്ന വേഷങ്ങളിലൂടെ യാണ്. "കൊട്ടാരത്തിന്റെ നടുമുറ്റത്തെ ഡർബാർ ഹാളിലാണ് ചടങ്ങ്. ശുഭ്രസമൃദ്ധമായ ഒറ്റമുണ്ടും തോർത്തുമുടുത്ത ഉപരാജാക്കന്മാർ, എടപ്രഭുക്കൾ, പടത്തലവന്മാർ എന്നിവർക്കേ പ്രവേശനം പാസ് മൂലമുള്ളൂ.

നിയുക്തന്റെ പടയണി പ്രവേശിച്ചപ്പോൾ രജപുത്ര റെജിമെന്റിലെ ഭാഗവതന്മാർ ലാസ്റ്റ് പോസ്റ്റ് ആലപിച്ചു. എട്ടു പട്ടന്മാർ രാജാവിന്റെ തലയിൽ കിരീടം മേടിയിറക്കി, പയ്യനെ കോതമ്പരിയിട്ടു വാഴ്ത്തി.

രാഗ്ദർബാരിയിൽ അഞ്ചാം വേദമന്ത്രം ചൊല്ലി.

അപ്പോൾ പൂരപ്പിറ്റേന്ന് പറമ്പിൽ ഒറ്റപ്പെട്ട ഒരോലപ്പടക്കം പൊട്ടുന്ന മാതിരി ഒരു ശബ്ദം കേട്ടു.

ഒരു കമാണ്ടോ മൂളി.

കൃഷ്ണപക്ഷക്കിളി ചിലച്ചു.....

സൈക്കിൾ ലോണിന് അപേക്ഷിച്ചിരുന്ന ഒരു കൊട്ടാരം ക്ലാസ് ഫോർ പറഞ്ഞു.

ഒലക്ക! സൈലൻസറില്ലാതെ ഓടിച്ചുപോയ ഒരു സ്കൂട്ടറാണത്.

രാമൻ നമ്പൂരി പറഞ്ഞു.

എന്റെ ശിവനേ! ഞാൻ നിരീച്ചു ഭീരങ്കിയുമായി പട്ടാളത്തിന്റെ വരവാണെന്ന്, ഒക്കെ കഴിഞ്ഞൂന്ന്. ആരാ അവിടെ! ദാ, ബന് ഒരു മോട്ടോർ സൈക്കിൾ സമ്മാനം കൊടുക്ക്.

ചക്രദാനം കഴിഞ്ഞ് ലഞ്ച് വിളമ്പാൻ പ്രോട്ടോക്കോൾ ആപ്പീസർ ഒരു അപേക്ഷ സമർപ്പിച്ചു.

രാമൻ നമ്പൂരി പറഞ്ഞു.

തരാവില്ലാന്നർത്ഥം. ലഞ്ചങ്ങട് കഴിഞ്ഞാൽ അതിന്റെ ഉച്ഛിഷ്ടം തരാക്കാൻ ദരിദ്രരേഖ ഭേദിച്ച് മറ്റോറ്റവരും. ബഹളാവും. അടികലശലാവും. വെടിവെപ്പിലേ കലാശിക്കൂ. പിന്നെ സർക്കാരും പത്രക്കാരും തമ്മിൽ ഗ്വാഗ്വാദമാവും. ഒന്നേ ചത്തുള്ളു എന്ന് സർക്കാർ. ഒരു നൂറെണ്ണമെന്ന് പത്രക്കാർ. അതിനൊന്നും വയ്യാച്ചാൽ സദ്യവട്ട ത്തോടെയുള്ള എടുപ്പ് ശാപ്പാടോടെ ചടങ്ങ് തീർക്കാം എന്നർത്ഥം" (പുറം.12).

പട്ടാഭിഷേകത്തിന്റെ എല്ലാ ചേരുവകളും കൃത്യമായി ചേർത്ത് ഒരു സത്യപ്രതിജ്ഞ ചടങ്ങവതരിപ്പിക്കുമ്പോൾ തന്നെ ദേശരാഷ്ട്രത്തിന്റെ അതിരുകൾക്കപ്പുറം ഒരു രാജ്യം

അതിന്റെ എല്ലാ രാഷ്ട്രീയാധികാരങ്ങളെയും ഭൂതകാല ഭ്രമകല്പനകൾക്ക് പകരം വയ്ക്കുന്നത് വ്യക്തമാവും. പ്രധാനമന്ത്രിയെ പേരെടുത്ത് രാജാവാക്കിമാറ്റുന്ന പ്രക്രിയ വി.കെ.എന്നിന് മാത്രം പ്രാപ്യമായ ചില ഹാസ്യ ചിട്ടവട്ടങ്ങൾക്കകത്ത് ഭദ്രമാവുന്നത് അതിന്റെ സ്ഥലപരമായ രാഷ്ട്രീയ സാന്നിധ്യം കൊണ്ടാണ്. നാട്ടുഭാഷയും നാട്ടാചാരങ്ങളും രാഷ്ട്രത്തിന്റെ ഗൗരവത്തിനകത്ത് വിചിത്ര ഭാഷയാവുന്നതോടെയാണ് രാഷ്ട്രം അതിന്റെ ദേശരാഷ്ട്രസ്വഭാവം പ്രകടമാക്കുന്നത്. രാഷ്ട്രത്തിന്റെ നിർവചനങ്ങൾക്കകത്ത് പൊതുവായ പങ്കുവയ്ക്കലുകളുണ്ടെങ്കിലും ഒരു രാജ്യവും അതിന്റെ പൗരബന്ധങ്ങളിൽ ദൃഢത പ്രകടിപ്പിക്കുന്നില്ല.[1] വിശാലമായ രാജ്യത്ത് അതിന്റെ പൗരർക്കിടയിൽ ശിഥിലമാകുന്ന ബന്ധങ്ങളുടെ സൂക്ഷ്മദൃശ്യമാവാൻ ഏറ്റവും യോജിച്ച സ്ഥലം അതിന്റെ രാഷ്ട്രീയസ്ഥലങ്ങളാണ്. ഇവിടെ രാഷ്ട്രീയസ്ഥലം എന്നതുകൊണ്ടുദ്ദേശിക്കുന്നത് നാട്ടിൻപുറത്തിന്റെ സ്വത്വത്തെ വിഘടിപ്പിക്കാൻ പ്രാപ്തമായ ഒരു സ്ഥലരാശിയാണ്. പക്ഷേ ഇവിടെ സ്വത്വവിഘടനം സാധ്യമാകുന്നുണ്ടോ അതോ അത് തീർത്തും അസാധ്യമാണോ എന്നെല്ലാം ചോദ്യങ്ങളുണ്ട്. രാഷ്ട്രം അതിന്റെ പൊതു സ്വത്വം പൗരന് നല്കുന്ന ചില മുഹൂർത്തങ്ങൾ ഉണ്ടെങ്കിൽ കൂടിയും അത്തരം മുഹൂർത്തങ്ങൾക്കുള്ളിൽ തന്നെ പരസ്പരം റദ്ദുചെയ്യുന്ന സ്വത്വവിച്ഛേദങ്ങളും കാണാനാവും. വി.കെ.എൻ. രാമൻ നമ്പൂരിയെ തലസ്ഥാനത്തിന്റെ ഗൗരവത്തിനുള്ളിൽ കടത്തിവിടുമ്പോൾ രാഷ്ട്രീയമായ ചില സ്വത്വ പ്രതിസന്ധികൾ കൂടി അവിടെ ഉണ്ടാകുന്നുണ്ട്. വ്യത്യസ്തങ്ങളായ സാംസ്കാരികസ്ഥലങ്ങളെക്കൂടി രാഷ്ട്രീയസ്ഥലത്തേക്കാവഹിച്ചു കൊണ്ടുവരുന്ന ഇത്തരം കർതൃത്വങ്ങൾ രാഷ്ട്രീയസ്ഥലത്തെ ഒരു തരത്തിൽ സങ്കീർണ്ണമാക്കുകയാണ് ചെയ്യുന്നത്.

അധികാരം പ്രതിരോധത്തെക്കൂടി സൃഷ്ടിക്കുന്നുണ്ട്. 'അധികാരം' എന്ന നോവൽ പങ്കുവെയ്ക്കുന്ന ആശയങ്ങൾക്കിടയിൽ ഇത്തരം ഒന്നുകൂടി വായിച്ചെടുക്കാം. രാഷ്ട്രത്തിന്റെ സ്ഥലം പലപ്പോഴും അധികാരത്തിന്റെ ഇടങ്ങളാണ്. രാഷ്ട്രീയസ്ഥലം പല അർത്ഥങ്ങളിലും അധികാരത്തിന്റെ പ്രകടമായ സ്ഥല സ്വഭാവങ്ങൾ പുലർത്തുന്നുണ്ട്. പയ്യൻ രാജാവിന്റെ സ്ഥലരാശി രാമൻ നമ്പൂരിയുടെ വരവിനെ പ്രതിരോധിക്കുന്നതിൽ ഇത് കാണാനാവും. പ്രതിരോധത്തിന് പൂർണ്ണമായും കീഴ്പ്പെടുത്താനാവാത്ത ഒരു ഇടം കർത്തൃത്വത്തിന്റെ രൂപവത്കരണത്തിൽ ഉണ്ടായിരിക്കും. ഇതു തന്നെയാണ് പയ്യൻ

രാജാവിന് കീഴ്പ്പെടുത്താനാവാത്ത രാമൻ നമ്പൂരിയുടെ ഇടം. പക്ഷേ ഇതിനായി വി.കെ.എൻ. ഉപയോഗിക്കുന്ന തന്ത്രം രാഷ്ട്രത്തിന്റെ ഗമയ്ക്കു മുകളിൽ നാട്ടിൻ പുറത്തിന്റെ സമൃദ്ധി കയറ്റി വയ്ക്കലാണ്. "ചെക്കൻ രാജാവ് നമ്പൂരിയോട് ചോദിച്ചു:

ഈ സന്ദർശനം അനൗദ്യോഗികമാണോ?

പത്തുകൈവിരലും കൂട്ടുപുരികവും വിറപ്പിച്ച് രാമൻ നമ്പൂരി ചിരിച്ചു.

താൻ നിരീച്ചോ നാം തന്നെ സലാം ചെയ്യുമെന്ന്? താൻ കാണെ ആചാരവെടി മുവേഴുവട്ടം വെക്കുമെന്ന്?

ചെക്കൻ പറഞ്ഞു.

അതല്ലേ പതിവ്?

മുന്നിലെ പരവതാനിയിൽ നീട്ടിത്തുപ്പി നമ്പൂരി പറഞ്ഞു.

അല്ലെന്നർത്ഥം. തന്റെ ദേഹരക്ഷയും കായകല്പചികിത്സയും ഉദ്ദേശിച്ചാണ്, നാം ഇവിടെ സുരക്ഷാസന്നാഹം ഏറ്റെടുത്തത്. ഇല്ലത്തിരുന്ന് വായിച്ചും മുറുക്കിയും മുഷിയേം ചെയ്തൂച്ചോ. അതോണ്ട് സലാമിയും കവാത്തുമൊന്നും താൻ പ്രതീക്ഷിക്കണ്ട. വഷളാവണ്ട" (പുറം.15).

പയ്യൻ രാജാവിന് മുകളിലുള്ള രാമൻ നമ്പൂരിയുടെ പ്രതിരോധതന്ത്രങ്ങളിൽ ഇത്തരത്തിൽ നാട്ടാചാരങ്ങളുടെ കടന്നുവരവ് പ്രകടമാണ്. 'അധികാര'ത്തിന്റെ പാഠത്തിനുള്ളിൽ മലയാളിയുടെ ശീലങ്ങളെ പലവട്ടം മാറ്റിപ്രതിഷ്ഠിക്കുന്ന വി.കെ.എൻ. ദൽഹിയുടെ രാഷ്ട്രീയസ്ഥലത്തെ പലതരത്തിലും വെല്ലുവിളിക്കുന്നുണ്ട്. ദൽഹിയെ ഒരു രാഷ്ട്രീയസ്ഥലമാക്കി നിർമ്മിക്കുന്ന നോവലുകളിൽ ഏറെ ശ്രദ്ധേയമായ ഒന്നാവാൻ അധികാരത്തിന് കഴിയുന്നത് അതുകൊണ്ടാണ്. ഇന്റലിജൻസ് ബ്യൂറോയുടെ ചീഫായ രാമൻ നമ്പൂരി ഇടപെടുന്ന സ്ഥലങ്ങൾ ശ്രദ്ധിച്ചാൽ ഒന്നു വ്യക്തമാണ്.

"എന്റെ അന്നാഹാരോം തിരുമേനി കല്പിക്കും വിധമാണോ?

തനിക്ക് സംശ്യണ്ടോ?

അത്ര വേണോ?

സെക്യൂരിറ്റി ചീഫ് രാമൻ നമ്പൂരി ധ്യാനിച്ചപ്പോൾ കൊട്ടാരം ഊട്ടുപുരയിലെ ടെലിപ്രിന്റർ ചിലച്ചു.

ദേഹണ്ഡം മൂത്ത് പട്ടരുകുട്ടിയായവന്.

നന്നെ രാവിലെ രാജാവിന് മധുരനാരങ്ങ വേവിച്ചതും പെപ്പരന്റ് മിഠായിയും വിളമ്പുക. മഞ്ഞപ്പൊടി ചേർക്കാം, കടുക് വറക്കുന്നത് തന്റെ ചീത്തത്തമനുസരിച്ച്. ഉച്ചയൂണിന് പാലക്കാടൻ ശൈലിയിൽ പച്ചമുളക് വറുത്ത പുളി. അന്നം ഒഴിവാക്കാം. എടനേരത്തെ ചായയ്ക്കു കാപ്പി. അത്താഴത്തിന് വാത്തു മുട്ട പൊരിച്ചത്. കറി വെക്കുകയാണെങ്കിൽ അമർന്ന വെപ്പാവണം. പിന്നീടവൻ നിവർന്നൂട. എന്നെങ്കിലും തത്സമയം മുട്ട തരായില്ലെങ്കിൽ രാജാവിന്റേതെടുക്കാം പിന്നീട് തിരികെ വെച്ചാൽ മതി.

അകത്തുള്ളാൾക്ക് വെർമിച്ചെല്ലി ധാരാളായി. സേമിയ എന്നർത്ഥം. അമ്മാത്ത് അതാണ് പതിവ്. വെർമിച്ചെല്ലി എന്നു പേരായ ഹോട്ടലുടമകൾ വരെ അവിടെയുണ്ട്. ഏതായാലും 'ഇറ്റലി' വേണ്ട. ചട്ണി ഒഴിവാക്കാമല്ലോ" (പുറം.17).

ഭരണപരമായ വിധേയത്വത്തിന്റെയും അതിരു കവിഞ്ഞ ആശ്രിത ബോധത്തിന്റെയും പാഠമായി മാറുകയാണ് 'അധികാരം'. ഇവിടെ പയ്യൻ രാജാവിന്റെ അടുക്കളകാര്യം വരെ തീരുമാനിക്കുന്ന രാമൻ നമ്പൂരി രാജകൊട്ടാരത്തിന്റെ അടിസ്ഥാന തീരുമാനങ്ങളെ വരെ നിശ്ചയിക്കുന്ന അവസ്ഥയാണ്. രാജീവ് ഗാന്ധി ഭരണകാലത്ത് ഇന്ത്യ നേരിട്ടിരുന്ന ചില പ്രശ്നങ്ങളും 'അധികാരം' ഈമട്ടിൽ ചർച്ച ചെയ്യുന്നുണ്ട്. ഒരടുക്കളക്കാര്യത്തിന്റെ ലാഘവത്തോടെ, രാഷ്ട്രസുരക്ഷ കൈകാര്യം ചെയ്യുന്ന രാമൻ നമ്പൂരി തലസ്ഥാനത്തിന്റെ ഗൗരവത്തെ ചോർത്തിക്കളയുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. പി. പവിത്രന്റെ നിരീക്ഷണം ഈ അർത്ഥത്തിൽ ഏറെ പ്രസക്തമാകുന്നുണ്ട്, "വെടിവെട്ടത്തിന്റെയും മറുത്തുക്കളിയുടെയും നാനാർത്ഥശേഷി വക്താവിന്റെയും ശ്രോതാവിന്റെയും ആത്മഗൗരവങ്ങളെ അനുവദിക്കുകയില്ല. രാഷ്ട്രകല്പനയുടെ ഏകാർത്ഥത്തെ എങ്ങനെയും വ്യാഖ്യാനിക്കാമെന്ന് വരുമ്പോൾ ദുർബലപ്പെടുന്നത് അധികാരമാണ്. രാഷ്ട്രതലസ്ഥാനങ്ങൾ ആത്മഗൗരവത്തിനായി ക്ഷണിക്കുമ്പോൾ നാട്ടുകാരനായി നിന്ന് നാനാർത്ഥശേഷി അതിനെ നിഷേധിക്കുന്നു. നാട്ടുമലയാളത്തിൽ തൊടുന്നതോടെ ദൽഹിയുടെ ആത്മഗൗരവം അനേകം കുട്ടിച്ചാത്തന്മാരുടെ പരിഹാസ മായി ചിതറിത്തെറിക്കുന്നു. രാഷ്ട്രഗൗരവം തന്നെയാണ് ആത്മഗൗരവമെന്നറിയുമ്പോൾ ഹാസ്യം നാട്ടുകാരന്റെ പ്രതിരോധയുക്തിയാവുന്നു" (2003:47). മലയാളിക്ക് സുപരിചിത

മായ നമ്പൂരി ഫലിതത്തിന്റെ യുക്തിയിൽ രാഷ്ട്രതലസ്ഥാനവും അവിടുത്തെ പ്രധാന മന്ത്രി മുതലുള്ള ഭരണാധികാരികളും ആഖ്യാനത്തിൽ പരിഹാസ്യരാവുമ്പോൾ ദൽഹി നഗരവും അവിടുത്തെ രാഷ്ട്രനയതന്ത്രങ്ങളും ഭരണകൂടവും അധികാരവും എല്ലാം പ്രതിരോധത്തിലാവുന്നു. രാഷ്ട്രയുക്തിയുടെ കീഴ്മേൽ മറിച്ചിൽ ഇവിടെ കാണാനാവും.

രാഷ്ട്രീയബന്ധങ്ങളുടെ ഫ്യൂഡൽ സ്വഭാവം, അതിലടങ്ങിയ വ്യാപകമായ ദാസ്യ ഭാവം, കേന്ദ്രത്തിന് പ്രവിശ്യകളുടെ മേലുള്ള ധിക്കാരം കലർന്ന അധികാരം എന്നിവയെല്ലാം തന്നെ നോവൽ വിഷയമാക്കുന്നു. രാജാവായി കാണുന്ന പ്രധാനമന്ത്രി ഈ ഫ്യൂഡൽ സ്വഭാവത്തെ കൃത്യമായാവിഷ്കരിക്കുന്നു. വി.കെ.എൻ. കേന്ദ്രത്തിന്റെ ഈ ഫ്യൂഡൽ സ്വഭാവത്തെ ചെറുക്കുന്നത് സ്വയം ഫ്യൂഡൽ സ്വഭാവം പ്രകടിപ്പിക്കുന്ന ഒരുദ്യോഗസ്ഥനിലൂടെയാണ് (രാമൻ നമ്പൂതിരി). സ്വാതന്ത്ര്യ സമരകാലത്ത് ഉണ്ടായിരുന്ന ധാരണകളിൽ നിന്ന് വ്യത്യസ്തമായ ഒന്നായാണ് കേന്ദ്രവും പ്രവിശ്യകളും തമ്മിലുള്ള ബന്ധം നിലനില്ക്കുന്നത്. പ്രവിശ്യകളുടെ അന്തസ്സ് വെട്ടിക്കുറയ്ക്കപ്പെടുകയും കേന്ദ്രം സർവാധികാരയാവുകയും ചെയ്യുന്നത് തന്നെയാണ് പിന്നീട് കുടുംബാധിപത്യത്തിൽ കലാശിക്കുന്നത്. കേന്ദ്രത്തിന്റെ കേന്ദ്രീകരണ സ്വഭാവത്തെ വികേന്ദ്രീകരിക്കുന്നതിനായി രാമൻ നമ്പൂതിരിയുടെ കഥാപാത്രം സംസാരിക്കുന്നത് ജാതിപരമായ തന്റെ ഉയർന്ന സ്ഥാനത്തെ എടുത്തുപറഞ്ഞുകൊണ്ടാണ്. പക്ഷേ അധികാരത്തിന്റെ മുനയൊടിക്കുന്ന തന്ത്രമായി മാറുന്നതോടെ ആക്ഷേപഹാസ്യമായി അത് മാറുന്നു. "താൻ മത്സ്യമാംസാദി കൾ ആഹരിക്കുന്ന കൽഹണബ്രാഹ്മണനാണെങ്കിൽ നോനും പെരുങ്ങോട്ടോർശ്ശി ആറാംമ്പ്രാനും കൗലികളാണ്. സസ്യഭോജികളാണ്. തന്നേക്കാൾ വർണോം കൂടും.

ഓഹോ! എന്നാൽ എന്റെ ചില മാതുലന്മാരും കൗളുകളാണ്.

യുദ്ധത്തിലും നയതന്ത്രത്തിലും കുടുങ്ങിപ്പോയവരല്ലേ?

അതേ.

അതിലൊരുവന് കുഞ്ചൻ നമ്പ്യാരുടെ പടയാളിയെപ്പോലെ പിന്നിൽനിന്ന് വെടി കൊണ്ടവനായിരുന്നില്ലേ?

പിന്നീടയാൾ മരിച്ചു.

ശ്ശി ഭേദം സ്വയം ചത്തില്ലെങ്കിൽ ആരും അവനെ കൊല്ലുമായിരുന്നില്ല.

അതെന്തോ..............

അരപ്പാ ആരാ മീതെ? തന്റെ സ്കൗളോ നാം കൗലിയോ?

തിരുമേനി തന്നെ. ഒരു കിണ്ടി ഇൻസ്റ്റന്റ് കോഫിക്കു പറയട്ടെ?" (പുറം.15).

രാജാവിനെ കവച്ചുനില്ക്കുന്ന രാമൻ നമ്പൂതിരിയുടെ ഫ്യൂഡൽ സ്വഭാവമാണ് അധികാരത്തിന്റെ പാഠസ്വഭാവമായി മാറുന്നത്. ഇത് രാഷ്ട്രീയസ്ഥലത്തെ പ്രതിരോധിക്കുന്ന പ്രവിശ്യയുടെ വിജയമായാണ് നില്ക്കുന്നത്. കേന്ദ്രത്തെ വെല്ലുവിളിക്കുന്നത് ഫ്യൂഡൽ സ്വഭാവത്തെ പ്രകടിപ്പിച്ചുകൊണ്ടാണ്. ദൽഹിയുടെ കേന്ദ്രാധികാരത്തെ തന്റെ സ്ഥലകർതൃത്വം കൊണ്ട് പ്രതിരോധിക്കുകയാണ് രാമൻ നമ്പൂതിരി. ഇതിനായാണ് നാട്ടുകാരനായി സ്വയം ചിത്രീകരിക്കുന്നത്. ഇവിടെ ദൽഹിയുടെ വലുപ്പത്തെ ചെറുതാക്കുന്നത് രാമൻ നമ്പൂതിരി സ്വാംശീകരിക്കുന്ന സ്ഥലകർതൃത്വമായ കൗലിയാണ്.

ഇന്ത്യൻ രാഷ്ട്രീയപ്രസ്ഥാനത്തിന്റെ വളർച്ചയെയും തളർച്ചയെയും കുറിച്ച് നേരിട്ട് അറിവുകളില്ലാത്ത രാജീവ് ഗാന്ധിക്ക് കുടുംബാധിപത്യം ഒരു സ്വാഭാവികതയായി അനുഭവപ്പെട്ടിരിക്കണം. തന്റെ ഇച്ഛാനുസാരികളായ ഉദ്യോഗസ്ഥർ തന്നോട് ഏതും എതിരുപറയാത്ത നാനൂറിൽപരം നിയമസാമാജികർ, ഭരണത്തിന്റെ രാജകീയ ആഢംബരങ്ങൾ, താൻ തന്നെ കണ്ടു രസിക്കുന്ന ടെലിവിഷൻ പ്രതിച്ഛായ ഇവയൊക്കെയാണ് രാജീവ് ഗാന്ധിയെ പയ്യൻ രാജാവാക്കി മാറ്റുന്നതിന് വി.കെ.എന്നിനെ പ്രേരിപ്പിക്കുന്നത്. ഇന്ത്യൻ ജനതയുടെ രാഷ്ട്രീയകാര്യങ്ങൾ കുടുംബകാര്യങ്ങളായി മാറുന്നതിലെ വൈരുദ്ധ്യം തന്നെയാണ് പയ്യൻ രാജാവിന്റെ അടുക്കളകാര്യം തീരുമാനിക്കുന്ന രാമൻ നമ്പൂതിരിയിലും കാണാനാവുന്നത്. ദൽഹിയുടെ രാഷ്ട്രീയസ്ഥലത്തെ ആഖ്യാനത്തിലൂടെ പ്രതിരോധിക്കുന്ന 'അധികാരം' അതിനായി ഉപയോഗിക്കുന്ന തന്ത്രങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ വീഴ്ചകളാണ്.

നാട്ടുകാരന് അന്യമായി മാറുന്ന ദൽഹിയുടെ അധികാരകേന്ദ്രങ്ങളുടെ പരിഹാസ്യത വി.കെ.എൻ. 'അധികാര'ത്തിൽ ഉടനീളം ഉപയോഗിക്കുന്നുണ്ട്. "നാം വിസ്തരിച്ച് കാണാറുണ്ട് താനും കിങ്കരന്മാരും പുഷ്പകമിറങ്ങി ജീപ്പിൽ സഞ്ചരിക്കും. ഗ്രാമവീഥികളിൽ തനിക്കു വേണ്ടി ഒരുക്കി നിർത്തിയ പട്ടിണിക്കോലങ്ങളോട് താൻ ചോദിക്കും. എങ്ങനെയുണ്ട്? അപ്പോൾ പേക്കോലം അതിന്റെ ഭാഷയിൽ എന്തോ പറയും.

അപ്പോൾ താൻ കല്പിക്കും. നന്നായി. കെട്ടിയവനെ തന്റെ തൊപ്പിക്കാർ ചുട്ടുതിന്നു. പണിയില്ല. പട്ടിണിയാണ് എന്നാണ് പേക്കോലം പറുന്നത്. അതിനാണ് തന്റെ മറുപടി. അച്ഛാ! നന്നായി എന്ന് ശപ്പ്" (പുറം.20-21). ഇവിടെ കേന്ദ്രത്തിന്റെ അധികാര കേന്ദ്രങ്ങൾക്ക് അപരിചിതമായ ഭാഷയും സ്ഥലവും വിചിത്രമായി ദേശരാഷ്ട്രത്തിൽ വിഘടിച്ചു നില്ക്കുന്ന സന്ദർഭമാണിത്. പരസ്പരം വിഘടിച്ചുനിൽക്കുന്ന ഈ രണ്ടു വ്യത്യസ്ത ലോകങ്ങളെക്കുറിച്ച് ഒ.വി. വിജയൻ സമാനമായൊരു ആശയം അവതരിപ്പി ക്കുന്നുണ്ട്. വി.കെ.എൻ. നോവലിന്റെ ആഖ്യാനത്തിലാണ് അതു സാധിക്കുന്നതെങ്കിൽ വിജയന്റെ മാധ്യമം കാർട്ടൂണുകളായിരുന്നു. ഒരേ കാലഘട്ടത്തിൽ ദൽഹിയിലു ണ്ടായിരുന്ന ഇവർ ദൽഹിയുടെ രാഷ്ട്രീയസ്ഥലത്തെ അവതരിപ്പിക്കുന്നതിലെ ഈ പൊരുത്തം തന്നെ മലയാളിയുടെ സ്ഥലസ്വത്വപ്രതിസന്ധിയായി ദൽഹിയുടെ രാഷ്ട്രീയ സ്ഥലത്തെ അന്യവത്കരിക്കുന്നു. വിജയന്റെ വിശകലനത്തിൽ ഇത് വ്യക്തമാണ്. "ദാസ്യ പാരസ്പര്യങ്ങളിൽ, ചരിത്രപരമായ ചെറ്റത്തരങ്ങളിൽ ഈ ലോകങ്ങൾ ചിലപ്പോൾ ഒന്നിക്കുന്നു. സംഘർഷത്തിനും നീതിക്കുമല്ല പരസ്പരം കണ്ട് അന്ധാളിക്കാൻ. രാജീവ് ഗാന്ധി വരൾച്ച നേരിട്ട് കണ്ടറിയാൻ നടത്തിയ ഓട്ട പ്രദക്ഷിണം ഞാൻ അന്ന് ഒരു ഹാസ്യചിത്രത്തിന് വിഷയമാക്കി. തിരിച്ചെത്തിയ രാജീവ് ഗാന്ധി അകത്തേക്ക് വിളിച്ച് പറയുന്നു. "യാത്ര കേമമായി, കോർബെറ്റ് പാർക്കിലെ വന്യമൃഗങ്ങളെപ്പോലെ, വരളുന്ന മനുഷ്യരെ തൊട്ടടുത്ത് നിന്ന് കാണാൻ പറ്റി. വീട്ടമ്മ മറുപടി പറയുന്നു, നിങ്ങളെന്താണ് കാണിച്ച്ത്? കുട്ടികളെക്കൂടി കൊണ്ടു പോകേണ്ടിയിരുന്നില്ലേ?" (പി.കെ. രാജശേഖരൻ, 2005:253). വ്യക്തിജീവിതങ്ങളെ ബാധിക്കുന്ന ധാർമ്മിക പ്രതിസന്ധികളായി ഇത്തരം വിശ്വാസനഷ്ടങ്ങൾ പിന്നീട് മാറുന്നു.

അന്യവത്കരിക്കപ്പെട്ട സ്വത്വങ്ങളുടെ അവസ്ഥാവിശകലനമല്ല വി.കെ.എൻ. ആഖ്യാനത്തിലൂടെ ചെയ്യുന്നത്. മറിച്ച് ദേശരാഷ്ട്രത്തിന്റെ ബഹുവിധസ്വത്വങ്ങളെ നാടിന്റെ വൈവിധ്യങ്ങൾക്കുള്ളിൽ വെച്ച് വ്യവഹാരം ചെയ്യുകയാണ്. ഇത് ഒരു തരത്തിൽ ആധുനിക ഇന്ത്യയുടെ അസംബന്ധ ആശയങ്ങളുടെ നേർക്കുള്ള ഒരു ചിരി കൂടിയാണ്. നാനാത്വത്തിൽ ഏകത്വമെന്ന ഇന്ത്യൻ ദേശരാഷ്ട്രത്തിന്റെ വിഖ്യാതമായ ആശയത്തെ തിരിച്ചിടുന്ന യുക്തിയുടെ ഒരു തകിടം മറിച്ചിൽ.

ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറയായി കരുതുന്ന മതേതരത്വത്തെ കുറിച്ച് നാണ്വാര് അഭിപ്രായം പറയുന്നിടത്താണ് 'അധികാരം' അതുദ്ദേശിക്കുന്ന ദേശരാഷ്ട്ര ത്തിന്റെ തകർച്ചയെ കൃത്യമായി അടയാളപ്പെടുത്തുന്നത്. മതേതരത്വത്തിനുള്ളിൽ സ്ഥാന പ്പെടുന്ന ഇന്ത്യൻ ജനാധിപത്യത്തിന്റെ സൂക്ഷ്മസ്വഭാവമായി ഈ സന്ദർഭത്തെ വായിക്കാ വുന്നതാണ്. "രാജൻ! മതേതരത്വത്തിന്റെ മൂർത്തിമദ്ഭാവമാണ് നമ്മുടെ രാഷ്ട്രസമുച്ചയം. അതുകൊണ്ട് ക്രൈസ്തവ മുസ്ലിം ഹൈന്ദവ ഗ്രന്ഥങ്ങളിൽ നിന്ന് മാറി മാറി ഉദ്ധരി ക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവത്തിൽ നിന്നാവാം. ഞാൻ പറയുന്ന ഓരോ വാക്കും കേട്ട് അതിൻപടി നടക്കാത്തവനായിരിപ്പവൻ ഒരു വിഡ്ഢി കുശ്മാണ്ഡത്തിന് തുല്യമാവുന്നു.

അവൻ മണൽപുറത്ത് പുരകെട്ടി. മഴ പെയ്തു പ്രളയമായി. കൊടുങ്കാറ്റലറി ഭവനത്തെ പ്രഹരിച്ചു. വീട് മണൽപൊത്തി. എന്റീശോയെ! ആയവന്റേത് എന്തൊരു പതനമായിരുന്നു! മത്തായി:7:26-27.

അഥവാ രഘുപതി രാഘവ രാജാറാം

ഈസാ അള്ള തേരേ നാം

രാജാവിന് സന്തോഷമായി" (പുറം.29)

മതേതരത്വമെന്നത് ഇവിടെ ഭരണകൂടത്തിന്റെ തന്ത്രമായാണ് വ്യാഖ്യാനിക്കപ്പെടു ന്നത്. ഒരു സ്ഥലരാശിയിൽ കൃത്യമായ വ്യാഖ്യാനസ്വഭാവമുൾക്കൊള്ളിക്കാൻ ഇവിടെ പാഠഭാഗത്തിന് കഴിയുന്നുണ്ട്. ജനതയുടെ അവകാശങ്ങളെ മതക്രമത്തിൽ വിഭജിച്ചു കൊടുക്കുന്ന ആധുനിക ഇന്ത്യയുടെ ശിഥില ചിത്രമായിത് കാണാവുന്നതാണ്.

## 7.1. വ്യക്തികളിൽ നിന്ന് രാഷ്ട്രീയസ്ഥലത്തിലേക്ക്

ചരിത്രത്തെക്കുറിച്ചും സാംസ്കാരികാവസ്ഥകളെക്കുറിച്ചും ഉപരിപ്ലവമായ സമീപനങ്ങൾ എഴുത്തിൽ പുലർത്തുന്ന ഉണ്ണികൃഷ്ണൻ തിരുവാഴിയോട് (മനഃസാക്ഷി, 2001) രാഷ്ട്രീയസ്ഥലത്തെ നിർവചിക്കുന്നത് സാമ്പ്രദായികചരിത്രത്തിന്റെ സവിശേഷ മുഹൂർത്തങ്ങളെ കൂട്ടിവച്ചുകൊണ്ടാണ്. സാംസ്കാരികസന്ദർഭത്തെ ആഖ്യാനത്തിൽ ചേർത്തുവച്ചുകൊണ്ട് വ്യക്തികേന്ദ്രീകൃതമായി നിയന്ത്രിക്കപ്പെടുകയും നില നില്ക്കുകയും ചെയ്യുന്ന രാഷ്ട്രമെന്ന നിലയിലാണ് ഉണ്ണികൃഷ്ണൻ ഇന്ത്യയെയും മറ്റ്

രാഷ്ട്രങ്ങളെയും സമീപിക്കുന്നത്. അതുകൊണ്ട് തന്നെ ദേശവിഭാവനത്തിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന ഭരണാധിപന്മാരുടെ ഇടപെടലുകളിലൂടെ ചരിത്രത്തിന്റെ രാഷ്ട്രീയ സ്വഭാവം മനസ്സിലാക്കാനാവും. വ്യക്തികളുടെ ഇടപെടലുകളും താത്പര്യങ്ങളും രാഷ്ട്ര ത്തിന്റെ പൊതുതാത്പര്യമാവുന്നതിന്റെ ചിത്രം 'മനഃസാക്ഷി'യിലുണ്ട്. ഇത്തരത്തിൽ വ്യക്തികേന്ദ്രിതമാകുന്ന പ്രതിനിധാനസ്വഭാവത്തെ രാഷ്ട്രചരിത്രമായി പരിഗണിക്കേണ്ടി വരുന്നതിൽ യാതൊരുവിധ ഉത്കണ്ഠകളും ആകുലതകളും ഈ ആഖ്യാനം പങ്കു വയ്ക്കുന്നില്ല. മുതലാളിത്ത വ്യവസ്ഥാക്രമം പിൻതുടരുന്ന രാഷ്ട്രത്തിൽ വ്യക്തികൾ ദേശത്തെ അഭിസംബോധന ചെയ്യുന്ന മാതൃകയ്ക്ക് ഉദാഹരണമാണ് 'മനഃസാക്ഷി'.

രാഷ്ട്രീയാധികാരം വ്യക്തികളിൽ കേന്ദ്രീകരിക്കപ്പെടുമ്പോൾ രാഷ്ട്രത്തെ, ദേശീയതയെ അഭിസംബോധന ചെയ്യുന്ന പ്രതിരൂപമായി അവർ മാറുകയാണ് ചെയ്യുന്നത്. ഇന്ത്യയുടെ രാഷ്ട്രരൂപീകരണത്തിൽ അധികാര കേന്ദ്രങ്ങളായി വർത്തി ക്കുന്ന വ്യക്തികളെ മുൻനിർത്തി ദേശത്തെ നിർവ്വചിക്കുവാനാണ് ഉണ്ണിക്കൃഷ്ണൻ ശ്രമിക്കുന്നത്. അതിനുള്ള സാംസ്കാരികസൂചകങ്ങളെയാണ് നോവലിലുടനീളം ഉപയോഗിച്ചിട്ടുള്ളത്. "മഹാഭാരതയുദ്ധം കഴിഞ്ഞ പാണ്ഡവന്മാരുടെ ഇരുപത്തിമൂന്ന് തലമുറകൾ കാശ്മീർ ഭരിച്ചു. ഗോനന്ദവംശം സ്ഥാപിച്ച ഹരണദേവൻ വില്ലാളിവീരനായ അർജ്ജുനന്റെ ചെറുമകനായിരുന്നു. ഗ്രീസിൽ നിന്നെത്തിയ അക്രമികളെ തുരത്തി അശോകൻ കാശ്മീരിനെ സ്വന്തം സാമ്രാജ്യത്തിലൊതുക്കി അദ്ദേഹമാണ് ശ്രീനഗർ വികസിപ്പിച്ചെടുത്തത്.

മുഹമ്മദ് ഘസ്നി തോസമൈദാൻ ചുരം കടന്ന് കാശ്മീർ കീഴടക്കാൻ രണ്ടു തവണ ശ്രമിച്ചുവെങ്കിലും വിജയിച്ചില്ല. അലാവുദ്ദീൻ ഖിൽജിക്കും അവിടെ കാലു കുത്താനായില്ല. ചെങ്കിസ്ഖാൻ താഴ്വര കീഴടക്കാൻ സേന ഒരുക്കിയെങ്കിലും മഞ്ഞു പെയ്യുന്ന ശൈത്യകാലം പ്രതിബന്ധമായി.

മംഗോളിയയിൽ നിന്നെത്തിയ ദുളച്ച പക്ഷേ താഴ്വരയെ സ്വന്തമാക്കുന്നതിൽ വിജയിച്ചു. രാജാവായിരുന്ന സഹദേവൻ പ്രജകളെ ദുളച്ചയുടെ ക്രൂരതക്ക് എറിഞ്ഞു കൊടുത്ത് ഒളിച്ചോടി" (2001:40-41).

ഇങ്ങനെ നീണ്ടുപോകുന്ന രാഷ്ട്രാധികാരത്തെക്കുറിച്ചുള്ള സൂചനകൾ വിവിധ കാലഘട്ടങ്ങളിലായി വ്യക്തികേന്ദ്രീകൃതമായി അറിയപ്പെട്ടിരുന്ന ദേശത്തെക്കുറിച്ചുള്ള പരികല്പനകളിൽ മാറ്റമില്ലാതെ തുടരുന്നുണ്ടെന്നതിന് തെളിവാണ് 'മനഃസാക്ഷി'യുടെ ദേശസൂചനകളുടെ രാഷ്ട്രീയം. പല തലങ്ങളിലും പ്രസക്തമായ ഇന്ത്യൻ ഫ്യൂഡലിസത്തിന്റെ പ്രത്യേകതകളെക്കുറിച്ചുള്ള അന്വേഷണത്തിൽ സ്ഥലത്തിന് മേലുള്ള അധികാരത്തെക്കുറിച്ചുള്ള ചരിത്രകാരനായ ഇർഫാൻ ഹബീബിന്റെ പരാമർശം ശ്രദ്ധേയമാണ്. "അത് മുഖ്യമായും ഭൂമിയുടെ മേലുള്ള പരമ്പരാഗത നിയന്ത്രണത്തിന്റെയും മേലവകാശങ്ങളുടെയും കാര്യം ആണെന്ന രീതിയിലാണ് കൊസാംബിയും ശർമ്മയും എഴുതുന്നത്" (2001:29). ഫ്യൂഡലിസത്തിന്റെ രാഷ്ട്രീയാവസ്ഥയെക്കുറിച്ച് മാത്രമല്ല. വർത്തമാനകാല രാഷ്ട്രീയാവസ്ഥയിലെ അധികാരനിർണ്ണയനത്തിലും ഏറ്റവും പ്രാധാന്യത്തോടെ ചൂണ്ടിക്കാണിക്കപ്പെടുന്നത് സ്ഥലത്തിന് മേലുള്ള അധികാരം തന്നെയാണ്. ഒരർത്ഥത്തിൽ ഭൂമിയുടെ മേലുള്ള അധികാരം രാഷ്ട്രത്തിന്റെ മേലുള്ള സ്വത്വനിർമ്മിതിയായി പരിവർത്തിക്കുക മാത്രമാണ് ചെയ്യുന്നത്. അതായത് രാഷ്ട്രീയസ്ഥലത്തിന്റെ ഘടനയും സ്വഭാവവും ഫലത്തിൽ മാറ്റമില്ലാതെ തുടരുന്നതിന്റെ സൂചനകൂടിയാണിത്.

ഇന്ത്യയുടെ രാഷ്ട്രീയാധികാരത്തിൽ രക്തബന്ധങ്ങളും കുടുംബബന്ധങ്ങളും നിർണായകശക്തിയാവുന്നത്, ഇന്ത്യയുടെ രാഷ്ട്രീയസ്വത്വത്തെ നിയന്ത്രിക്കുന്നതിനുള്ള വിഭവശേഷി നെഹ്റു കുടുംബത്തിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നതിന്റെ രാഷ്ട്രീയ പശ്ചാത്തലവും രാഷ്ട്രീയസ്ഥലമെന്ന നിലയിൽ ദൽഹിയിലെ സാംസ്കാരികവ്യവഹാരങ്ങളെ രക്തബന്ധങ്ങൾ എത്തരത്തിലാണ് പങ്കിട്ടെടുക്കുന്നതിന്റെയും തെളിവുകൾ 'മനഃസാക്ഷി'യുടെ ആഖ്യാനത്തിൽ നിരവധിയുണ്ട്. ഇന്ത്യയ്ക്ക് അതിന്റെ ദേശരാഷ്ട്രഭാവനക്ക് പകരം വയ്ക്കാവുന്ന വിധത്തിൽ വ്യവഹാരങ്ങൾ പരുവപ്പെടുത്തുന്ന അധികാരകേന്ദ്രമായി ഒരു കുടുംബം മാറുന്നതിന്റെ തെളിവുകൾ കൂടി ആഖ്യാനത്തിൽ കടന്നുവരുന്നു. അടിയന്തിരാവസ്ഥക്കാലത്തെ ഒരു പ്രത്യേക സംഭവം ഉണ്ണിക്കൃഷ്ണൻ തിരുവാഴിയോട് മനഃസാക്ഷിയിൽ രേഖപ്പെടുത്തുന്നത് ഇവിടെ കൂട്ടിവയ്ക്കാവുന്നതാണ്.

" 'എമർജൻസി' അതിന്റെ മൂർദ്ധന്യത്തിലെത്തിയ കാലം. ദൽഹി ബോംബെ ഫ്ളൈറ്റിലെ പൈലറ്റ് ക്യാപ്റ്റൻ രാജീവ്. ഒരിക്കലും ഗാന്ധി എന്ന 'സർനേം' ഉപയോഗിച്ച്

അനർഹമായ ആനുകൂല്യങ്ങൾ നേടാൻ രാജീവ് തുനിഞ്ഞില്ല. ഫ്ളൈറ്റ് അനൗൺസ്മെന്റിൽ പോലും വെറും 'ക്യാപ്റ്റൻ രാജീവ് ഇൻ കമാന്റ്'' എന്നേ ഉപയോഗിക്കൂ.

ജുഹുവിലുള്ള സെന്റോർ ഹോട്ടലിലാണ് ഇന്ത്യൻ എയർ ലൈൻസ് പൈലറ്റുകൾക്ക് താമസസൗകര്യം ഏർപ്പാടാക്കിയിരുന്നത്.

എയർപോർട്ടിൽ നിന്ന് ഇന്ത്യൻ എയർലൈൻസിന്റെ കാറിൽ ഹോട്ടലിലേക്ക് പോകുമ്പോഴാണ് ട്രാഫിക് പോലീസ് ഗതാഗതമത്രയും തടഞ്ഞത്. ഏതോ വി.വി.ഐ.പി.ക്ക് പോകാൻ വേണ്ടിയാണത്രേ. രാജീവ് ക്ഷമയോടെ കാറിലിരുന്നു. അരമണിക്കൂറിനുശേഷം വി.വി.ഐ.പി.യുടെ 'കോൺവോയ്' കടന്നുപോയി. ആദ്യം പൈലറ്റ് കാർ. പിന്നെ സെക്യൂരിറ്റി ജീപ്പുകൾ. കാറുകളുടെ നീണ്ടനിര.

ഏത് വി.വി.ഐ.പി.യാണ് ഇങ്ങനെ പൊതുജനങ്ങൾക്ക് അസൗകര്യമുണ്ടാക്കുന്നതെന്ന് അമർഷം കൊള്ളുമ്പോഴാണ്. അലങ്കരിച്ച 'ഇംപാല'യുടെ ജാലകചതുരത്തിൽ അനുജന്റെ മുഖം.

അതെ, സഞ്ജയ്!

ജാമുൻ മരത്തിന്റെ കവരത്തിൽ കരയാൻ തയ്യാറായി വിതുമ്മിയിരുന്ന അതേ പയ്യൻ!

ചിരിയമർത്തി, 'കോൺവോയ്' കണ്ണിൽ നിന്ന് മറയുന്നത് വരെ നോക്കിയിരിക്കുമ്പോൾ ഓർമ്മിച്ചു. ഒരിക്കൽ മൗണ്ട് ബാറ്റനും എഡ്വീനയ്ക്കും ഇതേ അനുഭവമുണ്ടായി. അന്നത്തെ വി.വി.ഐ.പി. തന്റെ മുത്തച്ഛൻ പണ്ഡിറ്റ് നെഹ്റു. സംഭവം നെഹ്റുവിനോട് പറഞ്ഞപ്പോൾ, പൊതുജനങ്ങൾക്ക് അസൗകര്യങ്ങളുണ്ടാക്കുന്ന ഇത്തരം കലാപരിപാടികൾ നിർത്തലാക്കാൻ നെഹ്റു നിർദ്ദേശങ്ങൾ നല്കി.

അനുജന് പക്ഷേ, ഇത്തരം 'രാജാപാർട്ടുകൾ' ഇഷ്ടമാണ്. മാത്രമല്ല. ഇതൊക്കെ നിർത്തലാക്കാൻ പറയാൻ താനാരാണ്?'' (പുറം.60).

കുടുംബത്തിനുള്ളിൽ ഇന്ത്യയുടെ രാഷ്ട്രീയാധികാരം വിതരണം ചെയ്യപ്പെടുന്നതിന്റെ ചരിത്രപരമായ സൂചനകൾ ഇവിടെ കണ്ടെത്താം. വ്യവഹാരങ്ങൾക്കുള്ളിൽ പ്രത്യേകിച്ച് രാഷ്ട്രീയാധികാരവുമായി ബന്ധപ്പെട്ട് വ്യക്തികളുടെ താത്പര്യങ്ങളാൽ നിർവചിക്കപ്പെടുന്ന സ്ഥലസ്വത്വത്തെക്കൂടി ഉൾക്കൊള്ളുന്ന പ്രസ്താവങ്ങളാണിത്.

1984ൽ ഇന്ദിരാഗാന്ധിയും 1992ൽ രാജീവ് ഗാന്ധിയും കൊല്ലപ്പെടുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യസംവിധാനത്തിന്റെ തലപ്പത്തിരുന്നിരുന്ന ഈ രണ്ടു വ്യക്തികളുടെയും വധത്തിനു പിന്നിൽ ഏറെക്കുറെ സമാനമായ രാഷ്ട്രീയസംഭവങ്ങൾ ഉണ്ട്. ഭാഷയുടെയും മതത്തിന്റെയും പേരിലുള്ള ഹിംസയാണ് ഇതിന് കാരണമായി പറയാവുന്നത്. ദേശാധികാരത്തിനു കീഴ്വഴങ്ങി നില്ക്കാത്തവയെ ഉന്മൂലനം ചെയ്യുവാനും അടിച്ചമർത്തുവാനുമുള്ള ഒരുപാധി അന്യവത്കരണമാണ്. ഇത്തരത്തിൽ അന്യവത്കരണത്തിന്റെ ബലപ്രയോഗങ്ങളുടെ മാനദണ്ഡത്തിനുള്ളിൽ നിർവചിക്കപ്പെടുന്ന ഒരു സാംസ്കാരിക സംജ്ഞയാണ് തീവ്രവാദം. ഇന്ത്യയുടെ അധികാര ചരിത്രത്തിൽ കോളിളക്കം സൃഷ്ടിച്ച അമ്മയുടെയും മകന്റെയും കൊലപാതകങ്ങൾ ആധുനികരാഷ്ട്രവ്യവസ്ഥയെ സംബന്ധിച്ച് ചില പ്രത്യേകതകളെയുൾക്കൊള്ളുന്നുണ്ട്. അതുകൊണ്ട് കൂടിയാവാം ഉണ്ണിക്കൃഷ്ണൻ തിരുവാഴിയോട് രാജീവ്ഗാന്ധിയുടെ കൊലപാതകവുമായി ബന്ധപ്പെടുത്തി ഈ ആഖ്യാനം നിർവഹിക്കുന്നതിനായി ശ്രമിച്ചിട്ടുള്ളത്. ഇന്ത്യൻ സാമൂഹികവ്യവസ്ഥയിൽ ചലനങ്ങൾ സൃഷ്ടിക്കുന്നതിന് ഒരു വ്യക്തിയുടെ ഹത്യ സാഹചര്യങ്ങളൊരുക്കുന്നുവെന്നത് വ്യാവഹാരികസമൂഹത്തിലെ അയാളുടെ ഇടമാണ് പ്രതിഫലിപ്പിക്കുന്നത്.

പൊതുസാംസ്കാരിക അധികാരവ്യവസ്ഥയിൽ കോടതിയുടെയും മറ്റ് നീതിന്യായ സംവിധാനങ്ങളുടെയും ഉള്ളടക്കത്തിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന തീവ്രവാദത്തെക്കുറിച്ചുള്ള നിർവചനങ്ങൾക്ക് ഉണ്ണിക്കൃഷ്ണൻ തിരുവാഴിയോട് ചരിത്രപരമായി നീതീകരണങ്ങൾ കൊടുക്കുന്നതിങ്ങനെയാണ്.

"ടെററിസത്തിന്റെ പ്രത്യേകത, അതേതെങ്കിലും രാഷ്ട്രീയ സംവിധാനത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങുന്നില്ലെന്നതാണ്.

ഏത് രാഷ്ട്രീയസംവിധാനത്തിലും അതെത്ര തന്നെ ജനഹിതത്തിനനുകൂലമാവട്ടെ, ഒരു വിഭാഗം ജനങ്ങൾ എന്നും അസംതൃപ്തരാവും. മനുഷ്യന്റെ ശാശ്വതസ്വഭാവങ്ങളാണ് അതൃപ്തിയും അരക്ഷിതത്വവും.

അതൃപ്തിയും അരക്ഷിതത്വവുമുള്ളേടത്ത് ടെററിസത്തിന്റെ വിത്ത് മുളക്കുകയായി. എത്രത്തോളം അടിച്ചമർത്തപ്പെടുന്നുവോ, അത്രത്തോളം അത് വളർന്ന് വലുതാവുന്നു.

ഭാഷയുടെ പ്രശ്നമാവാം. ആരാധനാ സ്വാതന്ത്ര്യത്തിന്റെയോ, മതവിശ്വാസത്തിന്റെയോ പ്രശ്നമാവാം. ഉള്ളവരുടെയും ഇല്ലാത്തവരുടെയും പ്രശ്നമാവാം.

കമ്മ്യൂണിസമോ ക്യാപ്പിറ്റലിസമോ ജനായത്തമോ സോഷ്യലിസമോ ഒന്നും തന്നെ ടെററിസത്തെ പൂർണ്ണമായും നിയന്ത്രിക്കുന്നതിനു പര്യാപ്തമാവുന്നില്ല.

നീതി നിഷേധിക്കുന്നിടത്ത് ടെററിസം തല പൊക്കുന്നു. ഭരണാധികാരികൾ നീതി നിർവഹിച്ചാൽ മാത്രം പോരാ. അവർ ചെയ്യുന്നത് നീതി മാത്രമാണെന്ന് ജനങ്ങൾക്ക് - അവരിലെ അവാന്തരവിഭാഗങ്ങൾക്ക് - തോന്നുകകൂടി വേണം" (പുറം.7).

നീതിവത്കരണത്തിന്റെ മേൽ സൂചിപ്പിക്കുന്ന യുക്തികളല്ല ആധുനികദേശരാഷ്ട്ര ഭാവനകൾക്കകത്ത് രൂപപ്പെട്ടുവന്നിട്ടുള്ളത്. പല തലങ്ങളിലും അധികാരസ്ഥാപനങ്ങളെയും രാഷ്ട്രസംവിധാനങ്ങളെയും നൈതികതയുടെ പേരിൽ ഉദാത്തവത്കരിക്കുന്നതിലേക്കുള്ള ആദ്യപടിയായി ഇത്തരം നിഗമനങ്ങളെ കണക്കാക്കാവുന്നതാണ്. അധികാരത്തിന്റെ സംവാഹകരും സ്ഥാപനവത്കരണധർമ്മം നിറവേറ്റുന്ന വ്യക്തികളും സാംസ്കാരിക സൂചകങ്ങളും ആധുനിക രാഷ്ട്രീയസംവിധാനത്തിലാണ് നിലയുറപ്പിക്കുന്നത്. അതുകൊണ്ട് തന്നെ ആധുനികത നല്കിയ സ്ഥലകാല സന്ദർഭത്തിലാണ് രാഷ്ട്രീയസ്ഥലം രൂപം കൊള്ളുന്നതെന്ന് പറയാം.

രാഷ്ട്രനിർമ്മാണത്തെക്കുറിച്ചുള്ള സവിശേഷ ജനതയുടെ താത്പര്യങ്ങളുടെ മേലുള്ള സംഘർഷങ്ങളിലാണ് ഇന്ദിരാവധവും രാജീവ്‌വധവും സംഭവിക്കുന്നത്. രാഷ്ട്രം ഒരു ഭരണകൂടമായി നിന്നെടുക്കുന്ന ചില തീരുമാനങ്ങളുടെ, താത്പര്യങ്ങളുടെ ഫലമായാണ് ഇത് ഉണ്ടാവുന്നത്. (ഈ താത്പര്യം ചിലപ്പോൾ വ്യക്തിപരമായും രൂപപ്പെടുന്നുണ്ട്. അത്തരം മുഹൂർത്തങ്ങളിലാണ് രാഷ്ട്രങ്ങൾക്ക് വ്യക്തിസ്വഭാവം ഉണ്ടാകുന്നത്). ആധുനികരാഷ്ട്രസങ്കല്പനത്തിന്റെ വൈകാരിക ഇടങ്ങളിലാണ് തമിഴ് വംശജർ രാജീവ് ഗാന്ധിയെ വധിക്കുന്നതിലേക്ക് ചെന്നെത്തുന്ന സംഭവം നിലയുറപ്പിക്കുന്നത്. ആധുനികത

യുടെ ചരിത്രപശ്ചാത്തലം കൂടി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ദേശം, ഭാഷ, മതം, ജാതി, വർഗം തുടങ്ങിയ സാംസ്കാരികനിർണയനങ്ങൾ സാമൂഹിക വ്യവഹാരങ്ങളിൽ പൊതുബലം എന്ന അർത്ഥത്തിൽ രൂപം കൊള്ളുന്നത്. 1952 ജൂൺ 7ന് ജവഹർലാൽ നെഹ്റു ചെയ്ത ഒരു പ്രസംഗത്തിൽ സൂചിപ്പിക്കുന്നത് തീവ്രവാദത്തെ നിർവചിക്കുന്നതുമായി കൂട്ടി വായിക്കാവുന്നതാണ്. "ഈ രാജ്യത്തിൽ മാത്രമല്ല മറ്റ് പല രാജ്യങ്ങളിലും സ്വന്തം രൂപത്തിലും ഇഷ്ടത്തിനനുസരിച്ചും മറ്റുള്ളവരെ മാറ്റിയെടുക്കാൻ ജനങ്ങൾ നടത്തുന്ന ശ്രമവും അവരുടെ മേൽ സ്വന്തം ജീവിതരീതി അടിച്ചേൽപ്പിക്കാൻ നടത്തുന്ന ശ്രമവും കാണുമ്പോൾ എനിക്കു ഭയമാകുന്നു. നമ്മുടെ സ്വന്തം രീതിയിൽ ജീവിക്കാൻ നമുക്കവകാശമുണ്ട്. എന്നാൽ ആ രീതി മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുന്നത് എന്തിന്? ഇത് ദേശീയവും അന്തർദേശീയവുമായ എല്ലാ രംഗങ്ങളിലും ബാധകമാണ്. മറ്റ് ജനങ്ങളുടെയും രാജ്യങ്ങളുടെയും മേൽ സ്വന്തം ജീവിതരീതി അടിച്ചേൽപ്പിക്കുന്നതിൽ നിന്നും ജനങ്ങൾ പിന്തിരിഞ്ഞാൽ ലോകത്ത് കൂടുതൽ സമാധാനം ഉണ്ടാവുക തന്നെ ചെയ്യും" (1989:15). മനുഷ്യജീവി എന്ന നിലയിൽ ഓരോ വ്യക്തിയും സാക്ഷാത്കരിക്കേണ്ട ജീവിതപ്പാതയാണ് നെഹ്റു ചൂണ്ടിക്കാണിക്കുന്നത്. മനഃസ്ഥിതി പരമായി ജനത, സമൂഹം എന്ന നിലയിൽ പുലർത്തേണ്ട കാഴ്ചപ്പാടാണിത്. സാമൂഹികസ്ഥാപനത്തിൽ ഇത്തരമൊരാശയത്തിന്റെ പ്രകടനം 'നയം' എന്ന നിലയിലാണ് പൊതുവായി പ്രസക്തമാകുന്നത് ഇന്ദിരാഗാന്ധിയുടെയും രാജീവിന്റെയും വധം നടക്കുന്നത് ആശയപരമായി മനുഷ്യർ വച്ചു പുലർത്തുന്ന അസഹിഷ്ണുതയുടെ പ്രകടനമാണ്. ഇത് തന്നെയാണ് പല തലങ്ങളിലും ഇന്ത്യ ശ്രീലങ്കയിൽ ചെയ്തിട്ടുള്ളത്. നെഹ്റുവിന്റെ കൊച്ചുമകനായ രാജീവിനു ശ്രീലങ്കയിൽ ചെയ്യേണ്ടിയിരുന്ന രാഷ്ട്രീയ ദൗത്യം നെഹ്റുവിന്റെ ആദർശങ്ങളെ കാറ്റിൽ പറത്തുന്നതായിരുന്നുവെന്ന് നോവലിസ്റ്റ് സൂചിപ്പിക്കുന്നുണ്ട്. ശ്രീലങ്കയിലെ ഒരു വിഭാഗം ജനതയ്ക്ക് രാഷ്ട്രീയമായി ഇന്ത്യൻ നയത്തോടുണ്ടാവുന്ന എതിർപ്പിന്റെ പ്രതിഫലനമായി ഇതിനെ കണക്കാക്കാവുന്നതാണ്.

എന്താണ് തീവ്രവാദം എന്നുള്ള നിർവചനങ്ങൾ അത് ഉപയോഗിക്കുന്ന സാമൂഹിക വ്യവസ്ഥയുടെ ഘടനയും സ്വഭാവവും അനുസരിച്ചു മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളു എന്ന യാഥാർത്ഥ്യമാണ് ശ്രീലങ്കയുടെ മേലുള്ള സൈനീക അധികാരത്തിലൂടെ ഇന്ത്യൻ സമാധാനദൗത്യം പ്രതിഫലിപ്പിക്കുന്നത്:

"പിറ്റേന്ന് ഇന്ത്യൻ പട്ടാളം - സമാധാനസേനയെന്ന് കടലാസിൽ - ശ്രീലങ്കയിൽ പ്രവേശിച്ചു.

മറ്റൊരു ദുരന്തത്തിന്റെ നാന്ദി കുറിച്ചുകൊണ്ട്. ഉടമ്പടിയനുസരിച്ച് സമാധാന സേനക്ക് പലതും ചെയ്യാനുണ്ടായിരുന്നു. യുദ്ധത്തിലേർപ്പെട്ട പുലികളെയും ശ്രീലങ്കൻ സേനയെയും വേർതിരിക്കുക, ആയുധങ്ങൾ അടിയറ വെയ്ക്കാൻ പുലികളെ പ്രേരിപ്പിക്കുക, ശ്രീലങ്കൻ പട്ടാളത്തിന്റെ ശിബിരങ്ങൾ പൊളിച്ചുമാറ്റുക, സമാധാന ജീവിതം നയിക്കാൻ ജനസാമാന്യത്തിന് വേണ്ട സാഹചര്യമൊരുക്കുക, ക്രമസമാധാനം ഉറപ്പുവരുത്തുക.

അതിലെ പല വകുപ്പുകളോടും പ്രഭാകരന് കടുത്ത വിരോധമുണ്ടായിരുന്നു. ഉടമ്പടിക്ക് രൂപം നല്കുമ്പോൾ പ്രഭാകരൻ, സഹചാരിയായ യോഗിയോടൊപ്പം ദൽഹിയിലെ അശോക ഹോട്ടലിൽ അക്ഷരാർത്ഥത്തിൽ തന്നെ വീട്ടു തടങ്കലിലായിരുന്നു എന്നാണ് പിന്നീട് പറഞ്ഞു പരത്തിയത്. ഇന്ത്യയുടെ വിദേശകാര്യാലയത്തെയോ ചാര സംഘടനയായ 'റോ'യെയോ ഒരിക്കലും വിശ്വസിക്കരുതെന്ന ഗുണപാഠം മാത്രമാണ് ദൽഹി അനുഭവത്തിൽ നിന്നും പഠിച്ചത് എന്നും അനുയായികൾക്കിടയിൽ പ്രൊപ്പഗാന്റ നടത്തി" (പുറം.67) ശ്രീലങ്കയുടെ മേലുള്ള ഇന്ത്യൻ ഭരണകൂടത്തിന്റെ നടപടികൾ ദൽഹിയെ തലസ്ഥാനനഗരിയെന്ന നിലയിൽ രാഷ്ട്രീയമായി നിർവചിച്ച ചരിത്രസന്ദർഭമാണിവിടെ ഉണ്ണിക്കൃഷ്ണൻ അടയാളപ്പെടുത്തുന്നത്. ഒരു വ്യക്തി എന്ന നിലയിൽ സാമൂഹികവ്യവഹാരങ്ങളിലൂടെ നിർമ്മിക്കപ്പെടുന്ന രാജീവിന്റെ രാഷ്ട്രീയസ്വത്വം ഇന്ത്യയുടെ ദേശഭാവനയ്ക്കുള്ളിൽ പ്രതിഫലിക്കുന്ന വിധങ്ങളാണിത്. നോവലിന്റെ

ആഖ്യാനഘടനയിൽ പല സന്ദർഭങ്ങളിലും രാജീവ് ഗാന്ധിക്ക് വ്യക്തി എന്നതിൽ കവിഞ്ഞ് രാഷ്ട്രത്തിന്റെ ഭാവി എന്ന സ്ഥാനമാണ് നല്കുന്നത്. ദൽഹി എന്ന രാഷ്ട്രീയസ്ഥലം അതിന്റെ രാഷ്ട്രീയതീരുമാനങ്ങൾ ഇവയെല്ലാം രാജീവ്ഗാന്ധി എന്ന പ്രധാനമന്ത്രിയായി മാറുന്ന ആഖ്യാനസ്വഭാവമാണ് രാജീവ് ഗാന്ധിയുടെ വ്യക്തിസ്ഥലത്തെ രാഷ്ട്രീയസ്ഥലമായ ദൽഹിയാക്കി പകരം വയ്ക്കുന്നത്.

## കുറിപ്പ്

1. “Nations are represented as spaces in which members of the nation have a strong bond with each other, a bond that trumps whatever differences (of class, gender, or religion) may divide people with in the nation one another. And yet this bond can only be imagined : it can never actually be known because the collectivity that for the nation is too large to allow any person to know more than a few ofher or his fellow nationals” (Don Mitchell, ‘Geographers of Belonging Nations, Nationalisms, and Identity in an era of Deterritorialization’, Cultural Geography. Blackwell:UK, 2000:269).